DESPATCHED
On...04/03/2020

3/02/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
## തിരുവനന്തപുരം-695 001

Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920
Email: sic@kerala.nic.in

ഹർജി നമ്പർ **CP 216(6)/2018/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.2012/SIC-Gen5/2018**

സന്നിഹിതൻ
**ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീ. പി. പോൾ പ്രസാദ്,
കെ.പി.9/24, ടി.സി.19/3014,
ഹാർവ്വീപുരം ലെയ്ൻ-I,
പേരൂർക്കട പി.ഒ.,
തിരുവനന്തപുരം - 695 005. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി (ഉന്നത വിദ്യാഭ്യാസം),
വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ ഓഫീസ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. } എതിർകക്ഷി

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 13.1.2018 |
| മറുപടി ലഭ്യമാക്കിയ തീയതി | - |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 27.2.2018 |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 1.3.2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 18.4.2018, 22.1.2020 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 5.5.2018, 9.1.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 16.1.2020, 1.2.2020, കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗ് സാന്നിദ്ധ്യം | 16.1.2020 തീയതി പരാതി ഹർജിക്കാരനും 1.2.2020 തീയതി എതിർകക്ഷിയും ഹാജരായി. |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. പി. പോൾ പ്രസാദ്, കമ്മീഷൻ മുൻപാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, വിളപ്പിൽശാല ചവർ ഫാക്ടറിക്കുവേണ്ടി കുടി ഒഴിപ്പിക്കപ്പെട്ട ഒരു കുടുംബമാണ് ഹർജിക്കാരന്റേതെന്നും ടിയാന് നഷ്ടപ്പെട്ട ഭൂമി ഇപ്പോൾ വിദ്യാഭ്യാസ മന്ത്രിയും സർക്കാരും തിരുവനന്തപുരം കോർപ്പറേഷനും ചേർന്ന് സാങ്കേതിക സർവ്വകലാശാലയ്ക്ക് കൈമാറുന്നു എന്നും ആയതിനെ കുറിച്ച് വിവരാവകാശ നിയമ പ്രകാരം അപേക്ഷ നൽകിയെങ്കിലും

ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയില്ലെന്നും യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെന്നുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ് :

(i) തിരുവനന്തപുരം കോർപ്പറേഷനും വിദ്യാഭ്യാസ വകുപ്പിന്റെ സാങ്കേതിക സർവ്വകലാശാലയുമായി ചേർന്ന് വിളപ്പിൽശാല ചവർ സംസ്ക്കരണ ഫാക്ടറിക്കുവേണ്ടി ഏറ്റെടുത്ത ഭൂമി കൈമാറ്റം സംബന്ധിച്ച് വ്യക്തമായ എല്ലാ രേഖയും നൽകണമെന്നും

(ii) തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നും 042 ഏക്കർ ഭൂമി സാങ്കേതിക സർവ്വകലാശാലയ്ക്ക് കൈമാറുമ്പോൾ തിരുവനന്തപുരം കോർപ്പറേഷൻ നൽകിയ മോഹന വാഗ്ദാനങ്ങൾ മേൽപ്പടി ഭൂമി ഏറ്റെടുക്കുന്ന സാങ്കേതിക സർവ്വകലാശാല അധികൃതർ നടപ്പിലാക്കുമോ എന്നും മറ്റുമായി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, എം.എൽ.എ ശ്രീ. ഐ.ബി സതീഷ്, വിദ്യാഭ്യാസ മന്ത്രിക്കു നൽകിയതും മന്ത്രി ഒപ്പിട്ടതുമായ റിപ്പോർട്ടിന്റെ പകർപ്പാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നത് എന്നും അത്തരം ഒരു റിപ്പോർട്ടിന്റെ അഭാവത്തിൽ പകർപ്പ് നൽകുവാൻ കഴിയുമായിരുന്നില്ല എന്നും മേൽപ്പടി റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് നൽകിയിട്ടുണ്ടെന്നുമാണ്.

4. കമ്മീഷൻ മുമ്പാകെ ഹാജരായ എതിർകക്ഷി ബോധിപ്പിച്ചത്, ഹർജിക്കാരൻ ഇതേ വിഷയത്തിൽ 31.12.2016 തീയതി ഒരു അപേക്ഷ സമർപ്പിച്ചിരുന്നു എന്നും ആയതിന് മറുപടി ടിയാന് നൽകിയിരുന്നു എന്നും ഹർജിക്കാരന്റെ അപേക്ഷയിൽ പരാമർശിക്കുന്ന ഭൂമി സാങ്കേതിക സർവ്വകലാശാലയ്ക്കുവേണ്ടി ഏറ്റെടുത്തിട്ടില്ലെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാന്റെ അപേക്ഷയിലെ ഒന്നാം ഇനത്തിൽ പരാമർശിച്ച പ്രകാരമുള്ള കൈമാറ്റം നടന്നിട്ടില്ലെന്നും അത്തരത്തിലുള്ള കൈമാറ്റം സംബന്ധിച്ച് യാതൊരു വിവരവും എതിർകക്ഷി ഓഫീസിൽ ലഭ്യമല്ലെന്നും എതിർകക്ഷി വ്യക്തമാക്കിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരന്റെ അപേക്ഷയിലെ 2, 3 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ടിട്ടുള്ളത് വിവരാവകാശ നിയമം 2 (എഫ്) പ്രകാരം നിർവ്വചിച്ചിട്ടുള്ള

'വിവരം' എന്നതിന്റെ പരിധിയിൽ വരുന്നതല്ലെന്നു കമ്മീഷൻ വിലയിരുത്തുന്നു. മേൽപ്പടി ഇനങ്ങളിൽ ഹർജിക്കാരൻ തേടിയിരിക്കുന്നത് വിശദീകരണമാണ്. 4-ാം ഇനത്തിൽ ഹർജിക്കാരൻ തേടിയിരിക്കുന്നതും ഒന്നാം ഇനത്തിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരം തന്നെയാണ്. അത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലെന്ന് വ്യക്തമാക്കിയ സാഹചര്യത്തിൽ മേൽപ്പടി ഇനം സംബന്ധിച്ച് യാതൊരു വിവരവും ഹർജിക്കാരന് നിരസിച്ചിട്ടില്ലെന്നു കാണുന്നു.

6. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 3-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk